പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1222 — 02/03/2017-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിലെ നിയന്ത്രണത്തിനുള്ള ഭേദഗതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ നിയന്ത്രണം ലക്ഷ്യമിട്ട് കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) സംരക്ഷിതാധ്യാപകരുടെ നിയമനം, പുനർവിന്യാസം, തസ്തിക നിർണയം തുടങ്ങിയ വിഷയങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് 3/12/2016 ലെ ജി. ഒ (പി) നം. 199/2016/പൊ. വി. വ. പ്രകാരം സർക്കാർ ഉത്തരവും എസ്.ആർ. ഒ. 752/2016 പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമസഭാസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത ചട്ട ഭേദഗതിയും വിജ്ഞാപനവും മാനേജ്മെന്റുകളുടെ നിയമനാവകാശങ്ങൾ കവരുന്ന നടപടിയാണെന്ന് ചൂണ്ടിക്കാട്ടി ആരെങ്കിലും കോടതിയേ സമീപിച്ചിട്ടുണ്ടോ; എങ്കിൽ കോടതിയിൽ ഹർജി നൽകിയവരുടെയും പ്രസ്തുത ഹർജിയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെയും വിശദാംശം നൽകുമോ; | (ബി) 3/12/2016 ലെ ജി. ഒ (പി) നം. 199/2016/ പൊ. വി. വ. നമ്പർ സർക്കാർ ഉത്തരവിനെതിരെ വിവിധ മാനേജർമാർ കോടതിയെ സമീപിച്ചിട്ടുണ്ട്. ഈ കേസുകളിൽ കോടതി ഇതുവരെയും തീർപ്പ കല്പിച്ചിട്ടില്ല. |
| (സി) പ്രസ്തുത ഭേദഗതിയും വിജ്ഞാപനവും മൂലം എയ്ഡഡ് സ്കൂളുകളിൽ വിരമിക്കൽ, രാജി, മരണം എന്നിവ മൂലമുണ്ടായ ഒഴിവുകളിൽ മാനേജർമാർ നടത്തിയ എത്ര നിയമനങ്ങളിൽ അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളിലെ നിയമനാംഗീകാരം കാത്തു കഴിയുന്ന അദ്ധ്യാപകരുടെ പേരുവിവരങ്ങൾ വിദ്യാഭ്യാസ ജില്ല തിരിച്ച് ലഭ്യമാക്കുമോ? | (സി) വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ